"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീമതി. നിഷ സുകുമാരൻ (അസിസ്റ്റന്റ് എൻജിനീയർ, കല്ലറ ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സെക്ഷൻ, തിരുവനന്തപുരം)-ന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയം ഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1723/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 10/09/2021

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3 17.07.2018 തീയതിയിലെ സ.ഉ.(സാധാ) നം.1950/2018/തസ്വഭവ
4 11.11.2019 തീയതിയിലെ സ.ഉ.(സാധാ) നം.2529/2019/തസ്വഭവ
5 02.11.2020 തീയതിയിലെ സ.ഉ.(സാധാ) നം.2048/2020/തസ്വഭവ
6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.07.2021 ലെ 7680/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം, കല്ലറ ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സെക്ഷൻ, അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീമതി. നിഷ സുകുമാരനെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 22.07.2021-ൽ അവസാനിച്ചതായും 23.07.2021 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (6) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. നിഷ സുകുമാരന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 23.07.2021 മുതൽ സർക്കാർ ഉത്തരവ് തീയതി വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
ശ്രീമതി. നിഷ സുകുമാരൻ, അസിസ്റ്റന്റ് എൻജിനീയർ, കല്ലറ ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ സെക്ഷൻ, തിരുവനന്തപുരം(ചീഫ് എൻജിനീയർ,തദ്ദേശ സ്വയം ഭരണ വകുപ്പ് ,തിരുവനന്തപുരം. മുഖേന)

ചീഫ് എൻജിനീയർ,തദ്ദേശ സ്വയം ഭരണ വകുപ്പ് ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ